ചിന്നക്കനാൽ വില്ലേജിലെ സർക്കാർഭൂമി കയ്യേറ്റം

64 (2085) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുംമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ വില്ലേജിൽ 150 ഏക്കർ സർക്കാർ ഭൂമി കൈയേറിയവർക്ക് എതിരെ നടപടി എടുത്തിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗവൺമെന്റ് ഭൂമി കയ്യേറിയവർക്ക് എതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഗവൺമെന്റ് ഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാർ ആരെല്ലാം എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു ;

(ഇ) ഈ ഭൂമിയിൽ നിന്നും മരങ്ങൾ വെട്ടിയിട്ടുണ്ടോ ;

(എഫ്) ഗവൺമെന്റ് ഭൂമിയിൽ നിന്നും മരങ്ങൾ വെട്ടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 28-1-2000, 5-6-2000 എന്നീ തീയതികളിൽ അനധികൃത പ്രവേശനക്കാരെ ഒഴിപ്പിച്ചിട്ടുണ്ട്.

(സി&ഡി) ടി സർക്കാർ ഭൂമി സംരക്ഷിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതാണ്. ഉണ്ടെന്ന് ബോദ്ധ്യം വന്നാൽ ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) മരങ്ങൾ വെട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഗവൺമെന്റ് ഭൂമിയിൽ നിന്നും അനധികൃതമായി മരങ്ങൾ മുറിക്കുന്നത് കുറ്റകരമാണ്. ഇത് തടയുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണ്.

ബി.എഡ്. സെന്ററിന് റവന്യൂ ഭൂമി അനുവദിച്ച നടപടി

65 (2086) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ നെടുംകണ്ടത്ത് പ്രവർത്തിക്കുന്ന എം.ജി. യൂണിവേഴ്സിറ്റിയുടെ ബി.എഡ്. സെന്ററിന് റവന്യൂ ഭൂമി അനുവദിച്ചിട്ടുണ്ടോ, ഇത് സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly